## ആമുഖം

പൊതു വിദ്യാലയങ്ങളെല്ലാം മികവിന്റെ പാതയിലാണ്. വിദ്യാലയങ്ങളിൽ സമൂഹത്തിന്റെ മൊത്തം പിന്തുണയോടുകൂടി വളരെയധികം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു .ഓരോ കുട്ടിക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കൃത്യമായ പ്രവർത്തന പദ്ധതികൾ ആവശ്യമാണ്. അതിൻറെ അടിസ്ഥാനത്തിലാണ് ഓരോ വിദ്യാലയത്തിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്.'2025 -26 അധ്യയന വർഷത്തിൽ നമ്മുടെ വിദ്യാലയത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ചുരുക്കമാണ് ഇതിലൂടെ അവതരിപ്പിക്കുന്നത്.എല്ലാവരുടെയും പിന്തുണയോടെ ഇത് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശ്വാസത്തോടെ,

പിടിഎ പ്രസിഡണ്ട്
ഹെഡ്മിസ്ട്രസ് '
എസ് എം സി ചെയർമാൻ
എം പി ടി എ പ്രസിഡൻറ്

# അടിസ്ഥാനവിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് -ജി എൽ പി സ്കൂൾ അരക്കുപറമ്പ് വിലാസം അരക്കുപറമ്പ് പി ഓ
പെരിന്തൽമണ്ണ ,മലപ്പുറം 679341
ഈമെയിൽ -glpsarakkuparamba@gmail.com
സ്കൂൾ കോഡ് -18705
UDISE code -30250500801
വിദ്യാഭ്യാസ ഉപജില്ല -പെരിന്തൽമണ്ണ
വിദ്യാഭ്യാസ ജില്ല - മലപ്പുറം
റവന്യൂ ജില്ല - മലപ്പുറം
ബി ആർ സി -പെരിന്തൽമണ്ണ
സി ആർ സി . -താഴേക്കോട്
ഗ്രാമപഞ്ചായത്ത് -താഴെക്കോട്
നിയമസഭാ മണ്ഡലം -പെരിന്തൽമണ്ണ
ബ്ലോക്ക് പഞ്ചായത്ത് - പെരിന്തൽമണ്ണ
ജില്ലാ പഞ്ചായത്ത് -മലപ്പുറം
ലോകസഭാ മണ്ഡലം - മലപ്പുറം
താലൂക്ക് -പെരിന്തൽമണ്ണ
വില്ലേജ് -അരക്കുപറമ്പ്
വാർഡ് നമ്പർ - 7
വാർഡ് മെമ്പർ - ബാലൻ മരുതംപാറ
സ്കൂൾ ഉടമസ്ഥത ’- സർക്കാർ
ഭൂവിസ്തൃതി - 1.85 ഏക്കർ
ഹെഡ് മിസ്ട്രസ് -സിന്ധു കെ
പിടിഎ പ്രസിഡൻറ് - ഷറഫുദ്ദീൻ
എസ് എം സി ചെയർമാൻ - ഇസ്മയിൽ. വി.പി
എം പി ടി എ പ്രസിഡൻറ് -സൗമ്യ

# പൊതു ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് നേടുക.
- നാലാം ക്ലാസ് കഴിയുന്ന കുട്ടികൾക്ക് ചതുഷ്ക്രിയകൾ ഉറപ്പാക്കുക.
- ഓരോ കുട്ടിയും അതാതു ക്ലാസിൽ നേടേണ്ട ശേഷികൾ നേടി എന്നുറപ്പാക്കുക.
- വായന മെച്ചപ്പെടുത്താനും അതുവഴി പഠന പുരോഗതി ഉണ്ടാക്കുകയും ചെയ്യുക.
- ആധുനിക സാങ്കേതികവിദ്യകളുടെ പ്രയോജനം കുട്ടികൾക്ക് ലഭ്യമാക്കുക.
- വിദ്യാലയ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സഹകരണം ഉറപ്പാക്കുക.
- കുട്ടികൾക്ക് മാനസികോല്ലാസം സാധ്യമാക്കാനായി സ്കൂളിലെ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക.
- വർണ്ണ കൂടാരം കൃത്യമായി പ്രയോജനപ്പെടുത്തുക.
- ഹരിത പെരുമാറ്റച്ചട്ടം പാലിക്കുക.
- പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക ശുചിത്വ ശീലങ്ങൾ പാലിക്കുക.
- സ്കൂൾ പച്ചക്കറിത്തോട്ടവും പൂന്തോട്ടവും നിർമ്മിക്കുക.

## പ്രവർത്തനങ്ങൾ

- എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.
- ഓരോ ക്ലാസിനും യോജിച്ച വായനാ സാമഗ്രികൾ പ്രയോജനപ്പെടുത്തുക.
- സർഗാത്മക രചനയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക.
- വായനയെയും പ്രോത്സാഹിപ്പിക്കാൻ ആയി വിവിധ പ്രവർത്തനങ്ങൾ നടത്തുക.
- എല്ലാ ക്ലാസിലും പത്രം ഉറപ്പാക്കുക. അസംബ്ലിയിൽ പത്രവാർത്ത വായന പത്രവാർത്തയെ അടിസ്ഥാനമാക്കി ക്വിസ് മത്സരങ്ങൾ
- ക്ലാസ് ലൈബ്രറി ശക്തിപ്പെടുത്തൽ.
- സ്കൂൾ ലൈബ്രറിയിൽ നിന്നും ക്ലാസ് ടീച്ചർക്ക് പുസ്തകം നൽകി ടീച്ചർ പുസ്തകങ്ങൾ നൽകാൻ
- വായിച്ചതിനെ അടിസ്ഥാനമാക്കി വായനക്കുറിപ്പ് തയ്യാറാക്കൽ കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ വർഷാവസാനം മികച്ച വായനക്കാരൻ ആയി തിരഞ്ഞെടുക്കൽ
- വായിച്ച പുസ്തകങ്ങളെ അസംബ്ലിയിൽ പരിചയപ്പെടുത്തൽ
- പതിപ്പുകൾ തയ്യാറാക്കൽ
- രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കുന്നതിനായി അമ്മ വായന അമ്മമാർക്ക് പുസ്തകങ്ങൾ നൽകുകയും ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികൾക്ക് വായിച്ച കൊടുക്കുന്നതിന് അവസരം നൽകുക.

- അമ്മയും കുട്ടിയും കഥ പറയൽ മത്സരം .

ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തമാക്കുക.
- ഇംഗ്ലീഷ് അസംബ്ലി
- ഇംഗ്ലീഷ് മീഡിയം ക്ലാസുകളിൽ ഇംഗ്ലീഷിൽ പൊതുവിജ്ഞാന ചോദ്യങ്ങൾ'.
- സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ
- ഇംഗ്ലീഷ് റീഡിങ് കാർഡുകൾ പരമാവധി പ്രയോജനപ്പെടുത്തുക.
- ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുക .മുഴുവൻ കുട്ടികൾക്കും പരിപാടികൾ ഉറപ്പാക്കുക.
- ഇംഗ്ലീഷ് റീഡിങ് കാർഡുകൾ ഇംഗ്ലീഷിലുള്ള ചെറിയ പുസ്തകങ്ങൾ എന്നിവ കൂടുതലായി കുട്ടികൾക്ക് നൽകുക.

പരിസര പഠനം

- ശാസ്ത്ര പഠനത്തിൽ കൂടുതൽ താല്പര്യം ഉളവാക്കുന്നതിനായി ഫീൽഡ് ട്രിപ്പുകൾ മറ്റു പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- ഐടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
- ഒരു കുട്ടിയും ഒരു പരീക്ഷണം എങ്കിലും ചെയ്യുന്ന രീതിയിൽ ലഘുപരീക്ഷണങ്ങൾ പരിചയപ്പെടുത്തുക.

ഗണിതം

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ,നാലാം ക്ലാസ് പൂർത്തിയാക്കുമ്പോൾ ചതുഷ്ക്രിയകൾ ചെയ്യാനുള്ള കഴിവുണ്ടാക്കുക.
- ഗണിത വിജയം, ഉല്ലാസഗണിതം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
- ഗണിത പഠനത്തെ ജീവിതവുമായി ബന്ധിപ്പിക്കുക.
- ഗണിത ചിന്ത,യുക്തിചിന്ത എന്നിവ വളർത്തുന്ന പ്രവർത്തനങ്ങൾ നൽകുക.

ഐസിടി സാധ്യതകൾ

- കുട്ടികൾക്ക് കമ്പ്യൂട്ടറുകൾ ഉപയോഗിക്കാൻ ഉള്ള സാഹചര്യം ഉണ്ടാക്കുക.
- കളിപ്പെട്ടി പ്രവർത്തനങ്ങൾ കൃത്യമായി നടത്തുക.
- പ്രൊജക്ടർ പരമാവധി പ്രയോജനപ്പെടുത്തുക.

അറബിക്

- എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തമാക്കുക.
- ഭാഷാ പഠന നേട്ടങ്ങൾ ഉറപ്പാക്കുക.
- ഭാഷാ പഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്തുക.
- ഭാഷ ശേഷി വർദ്ധിപ്പിക്കുക.

മറ്റു പ്രവർത്തനങ്ങൾ

- പ്രീപ്രൈമറി വിദ്യാഭ്യാസംകാര്യക്ഷമമാക്കുക.
- ഉല്ലാസത്തിലൂടെ പഠനം സാധ്യമാക്കുക.
- വർണ്ണ കൂടാരം പദ്ധതിയിലൂടെ ലഭിച്ച സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക.
- ബേക്കറി മുക്ത പ്രീപ്രൈമറിയും തുടർന്നും നടപ്പിലാക്കുക.
- മാസത്തിലൊരിക്കൽ ബാലസഭ കൂടുക.
- പ്രവർത്തിപരിചയവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നടത്തുക.
- കലാപരിശീലനം രക്ഷിതാക്കളുടെ സഹായത്തോടെ നൽകുക.
- സ്കൂൾ പച്ചക്കറി തോട്ടം ആരംഭിക്കുക ഇതിനായി രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കുക. ഉച്ചഭക്ഷണത്തിന് ഇത് പ്രയോജനപ്പെടുത്തുക.
- സമൃദ്ധി പദ്ധതി രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തി മികച്ച പച്ചക്കറികൾ ലഭ്യമാക്കുക.
- വിജയസ്പർശം - പഠന വിടവുള്ള കുട്ടികളെ കണ്ടെത്തി തുടർച്ചയായ പരിശീലനം നൽകി മുന്നോട്ടു കൊണ്ടു വരിക ഓരോ ക്ലാസ് ടീച്ചർക്കും ഇതിൻറെ ചുമതലയുണ്ട്.
- ദിനാചരണങ്ങൾ ':എല്ലാ ദിനാചരണവും നടത്താതെ പ്രധാനപ്പെട്ട ദിനങ്ങൾ മാത്രം ആചരിക്കുകയും അത് ക്ലാസ് റൂം പ്രവർത്തനമായും ബന്ധിപ്പിച്ച് നടത്തുക.
- ലഘു വ്യായാമങ്ങൾ ഉൾപ്പെടുത്തുകയും സിമ്പിൾ ഗെയിംസ് പരിചയപ്പെടുത്തുകയും ചെയ്യുക.
- ഫുട്ബോൾ പരിശീലനം പൂർവ്വ വിദ്യാർത്ഥികളുടെയും സഹായത്തോടെ നടത്തുക.
- ഭിന്നശേഷി കുട്ടികൾക്ക് പ്രത്യേക ശ്രദ്ധയും പ്രത്യേക പരിശീലനവും രക്ഷിതാക്കളുടെയും ബിആർസിയുടെയും സഹകരണത്തോടെ നടത്തുക.

- അതിഥി ക്ലാസുകൾ വ്യത്യസ്ത മേഖലകളുമായി ബന്ധപ്പെട്ടവരെ പങ്കെടുപ്പിച്ച് ക്ലാസുകൾ നടത്തുക.
- ശില്പശാലകൾ രക്ഷിതാക്കൾക്കായി ശില്പശാലകൾ സംഘടിപ്പിക്കുക.
- ആരോഗ്യ ക്ലാസുകൾ ആരോഗ്യപ്രവർത്തകരുടെ സഹകരണത്തോടെ ക്ലാസ്സുകളും കൃത്യമായ ആരോഗ്യ പരിശോധനയും മാർഗ്ഗനിർദേശങ്ങളും കുട്ടികൾക്ക് നൽകുക.